**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 485** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹ്യസുരക്ഷ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്കായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ. 2. സമ്പാദ്യ സമാശ്വാസ പദ്ധതി. 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ 4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി. 5. കടൽ സുരക്ഷാ പദ്ധതികൾ. 6. ഓഖി പുനരധിവാസ പദ്ധതികൾ. 7. മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി. 8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ബസ് സർവ്വീസ്) 9. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ. 10. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ. 11 മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ. 12. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ സഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി നടപ്പിലാക്കുന്നു. 13. മത്സ്യത്തൊഴിലാളി പെൻഷൻ |
| (ബി) | ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വാസയോഗ്യമായ വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടിന്റെ പുനരുദ്ധാരണത്തിന് സഹായം നൽകുന്നതിനോ വീട് നൽകുന്നതിനോ പദ്ധതിയുണ്ടോ; | (ബി) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിരുന്നു. ഇതിൽ 16,359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12,850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ |

| | | | |
|---|---|---|---|
| | | | പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കി വരുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം പദ്ധതിയും, 50 മീറ്ററിന് പുറത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ലൈഫ് പദ്ധതി വഴി ഭവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2016-17 ൽ ഭവന അറ്റകുറ്റപ്പണിക്ക് 4000 പേർക്ക് ധനസഹായം അനുവദിച്ചതിൽ 3,766 പേർ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| (സി) | ഭൂരഹിതരും ഭവന രഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വീടനുവദിക്കാൻ ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. ലൈഫ് പദ്ധതിയിലെ എല്ലാ പട്ടികജാതി / പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്കും ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | എല്ലാ മത്സ്യത്തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനായിട്ടുണ്ടോ? | (ഡി) | 2020-21 വർഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ (2,40,211) മത്സ്യത്തൊഴിലാളി കളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ